**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഐ.ടി. വ്യവസായ മേഖലയിലെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഐ.ടി. വ്യവസായ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ മൂന്ന് ഐ.ടി. പാർക്കുകൾ ഉൾപ്പെടെ ഐ.ടി. മേഖലയിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ടെക്നോപാർക്ക്, തിരുവനന്തപുരം**<br><br>ഐ.ടി. കയറ്റുമതി വരുമാനത്തിൽ ടെക്നോപാർക്ക് ഗണ്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. 2024-25 കാലയളവിൽ കയറ്റുമതി വരുമാനം 14,575 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ഇത് മുൻ വർഷത്തെ (13,255 കോടി രൂപ) അപേക്ഷിച്ച് 9.05% വളർച്ചയാണ് കാണിക്കുന്നത്. കൂടാതെ, ടെക്നോപാർക്ക് സംസ്ഥാനത്തെ ഏറ്റവും അധികം തൊഴിൽ നൽകുന്ന (80,000 തൊഴിൽ അവസരങ്ങൾ) ഐ.ടി പാർക്കായി തുടരുകയാണ്.<br><br>**ഇൻഫോപാർക്ക്, കൊച്ചി**<br><br>ഇൻഫോപാർക്ക് കേരളയിലെ ഐ.ടി കയറ്റുമതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2024-25 കാലയളവിൽ കയറ്റുമതി വരുമാനം 12,060 കോടി രൂപയായി ഉയർന്നിട്ടുണ്ട്. മുൻവർഷം ഇത് 11,417 കോടി രൂപയായിരുന്നു.<br><br>**സൈബർപാർക്ക്, കോഴിക്കോട്**<br><br>സൈബർപാർക്കിലെ ഐ.ടി. കയറ്റുമതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2024-25 കാലയളവിൽ കയറ്റുമതി വരുമാനം 130 കോടി രൂപയായി ഉയർന്നു. മുൻ |

| | | | |
|---|---|---|---|
| | | | വർഷത്തെ കയറ്റുമതി വരുമാനം 121 കോടി രൂപ ആയിരുന്നു.<br><br>ഇന്ത്യയിലെ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾക്കായുള്ള (GCC) ഒരു പ്രധാന കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുന്നതിനുള്ള<br><br>പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗവേഷണവികസനം, ഐ.ടി സേവനങ്ങൾ, ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗ് തുടങ്ങിയ കാര്യങ്ങളിൽ വൈദഗ്ധ്യം നൽകുകയും ആഗോള കമ്പനികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുന്ന ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിലൂടെ കേരളത്തിന്റെ സാങ്കേതിക മേഖലയിൽ വിപ്ലവകരമായ മാറ്റമാണ് ലക്ഷ്യമിടുന്നത്. 2030-ഓടെ GCCകൾക്കായി പ്രത്യേകമായി സജ്ജീകരിച്ച 5 കാമ്പസുകളും, എഐ, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ അധിഷ്ഠിതമായ 3 പ്രത്യേക സെന്റർ ഓഫ് എക്സലൻസുകളും (CoEs) സ്ഥാപിക്കുന്നതിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലെ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നു. 'ജിസിസി ബോയിലർപ്ലേറ്റ്' (GCC Boilerplate) എന്ന സംവിധാനത്തിലൂടെ പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രക്രിയ കൂടുതൽ വേഗത്തിലാക്കുന്നതിന് സൗകര്യമൊരുക്കുന്നു. |
| (ബി) | 2016 മുതൽ 2026 വരെയുള്ള കാലയളവിൽ ഐ.ടി. മേഖലയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | **ടെക്നോപാർക്ക്, തിരുവനന്തപുരം**<br><br>2016-ന് ശേഷം ടെക്നോപാർക്കിൽ ഐ.ടി. സ്പേസ് 42.10 ലക്ഷം ചതുരശ്ര അടി വർദ്ധിപ്പിക്കാൻ സാധിച്ചു. ഈ കാലയളവിൽ ഐ.ടി. നിക്ഷേപത്തിൽ 2730 കോടി രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ആക്സെഞ്ചർ (**Accenture)** , എച്ച്സിഎൽ **(HCL)**, ആർച്ച് ക്യാപിറ്റൽ (**Arch Capital),** ദുബൈ ഇൻഷുറൻസ് **(Dubai Insurance** ), ഇക്വിഫാക്സ് **(Equifax),** ഐക്കൺ ക്ലിനിക്കൽ റിസർച്ച് **(Icon Clinical Research),** വിസ്റ്റിയോൺ **(Visteon)** തുടങ്ങിയ പ്രമുഖ ബഹുരാഷ്ട്ര കമ്പനികൾ ഈ കാലയളവിൽ പ്രവർത്തനം ആരംഭിക്കുകയും നിസ്സാൻ (Nissan), സാഫിൻ (Zafin), ആർമാഡ (Armada), ആക്സിയ (Acsia), കെയർസ്റ്റാക്ക് (Carestack), ഗൈഡ്ഹൗസ് (Guidehouse) നെസ്റ്റ് ഡിജിറ്റൽ (Nest Digital), എക്സ്പീരിയൻ (Experion) |

| | | | |
|---|---|---|---|
| | | | തുടങ്ങിയ പ്രമുഖ ബഹുരാഷ്ട്ര കമ്പനികൾ ഈ കാലയളവിൽ വിപുലീകരിക്കുകയും ചെയ്തു.<br><br>**ഇൻഫോപാർക്ക്, കൊച്ചി**<br><br>2016-ന് ശേഷം ഇൻഫോപാർക്കിൽ ഐ.ടി. സ്പേസ് 49.09 ലക്ഷം ചതുരശ്ര അടി വർദ്ധിപ്പിക്കാൻ സാധിച്ചു. ഈ കാലയളവിൽ ഐ.ടി നിക്ഷേപത്തിൽ 2,975.4 കോടി രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഐ.ബി.എം. (IBM), കൊഗ്നിസന്റ് (Cognizant), ടി.സി.എസ് (TCS), വിപ്രോ (Wipro), ഇ.വൈ (EY), കെ.പി.എം.ജി (KPMG) തുടങ്ങിയ പ്രമുഖ ബഹുരാഷ്ട്ര കമ്പനികൾ ഈ കാലയളവിൽ പ്രവർത്തനം ആരംഭിക്കുകയോ വിപുലീകരിക്കുകയോ ചെയ്തിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ഇൻഫോപാർക്കിൽ ഈ കാലയളവിൽ എന്തെല്ലാം പശ്ചാത്തല വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (സി) | **ടെക്നോപാർക്ക്, തിരുവനന്തപുരം**<br><br>2016-17 കാലയളവ് മുതൽ തിരുവനന്തപുരം ടെക്നോപാർക്കിൽ പൂർത്തീകരിച്ച പ്രധാന പദ്ധതികൾ താഴെ പറയുന്നു.<br><br>ഫേസ് 1 - ടാറ്റ കൺസൾട്ടൻസി സർവീസസ് (TCS) SEZ (B), ട്രിവാൻഡ്രം ഇന്റർനാഷണൽ സ്കൂൾ.<br><br>ഫേസ് 2 - യു.എസ്. ടെക്നോളജി ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് (MLCP), ഇൻഫോസിസ് എസ്ഡിബി 4<br><br>ഫേസ് 3 - കീ സ്റ്റോൺ ബിസിനസ് സെന്റർ (എംബസി ടോറസ്), നയാഗ്ര (എംബസി ടോറസ്)<br><br>ഫേസ് 4 - കബനി ഐ.ടി ബിൽഡിംഗ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, സൺടെക്.<br><br>**ഇൻഫോപാർക്ക്, കൊച്ചി**<br><br>കൊച്ചി ഇൻഫോപാർക്കിൽ പൂർത്തിയാക്കിയ പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്:<br><br>**ഫേസ് 1:** വേൾഡ് ട്രേഡ് സെന്ററിന്റെ രണ്ട് ഐ.ടി. കെട്ടിടങ്ങൾ (2016-ലും 2018-ലും) പൂർത്തിയായി. ലുലു സൈബർ ടവർ-2 (2018), ഐ.ബി.എസ് (IBS) സോഫ്റ്റ്‌വെയറിന്റെ സ്വന്തം ക്യാമ്പസ് (2024) എന്നിവയും ഇവിടെ പ്രവർത്തനം ആരംഭിച്ചു.<br><br>**ഫേസ് 2:** ഇൻഫോപാർക്കിന്റെ സ്വന്തം കെട്ടിടമായ 'ജ്യോതിർമയ' (4 ലക്ഷം ച.അടി) 2017-ൽ ഉദ്ഘാടനം ചെയ്തു. ക്ലെയ്സിസ് ടെക്നോളജി |

| | | | |
|---|---|---|---|
| | | | (2019), ട്രാൻസ് ഏഷ്യ സൈബർ പാർക്ക് (2018), കാസ്പിയൻ ടെക്പാർക്കിന്റെ 'ഇൻസ്പയർ' മന്ദിരം (2024) എന്നിവയും ഫേസ് 2-ൽ പൂർത്തിയായി.<br><br>**മറ്റ് സൗകര്യങ്ങൾ:** 'ഫോർ പോയിന്റ്സ് ബൈ ഷെറാട്ടൺ' എന്ന പഞ്ചനക്ഷത്ര ഹോട്ടലും, ഇൻഫോപാർക്ക് പോലീസ് സ്റ്റേഷൻ, സൈബർ ഡോം എന്നിവയും സജ്ജമായിട്ടുണ്ട്. |
| (ഡി) | അതിന്റെ അടിസ്ഥാനത്തിൽ എത്ര ചതുരശ്ര അടി സ്ഥലം ഇതിനകം ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | **ടെക്നോപാർക്ക്, തിരുവനന്തപുരം**<br><br>ടെക്നോപാർക്കിന്റെ വിവിധ ക്യാമ്പസുകളിലായി നിലവിൽ ആകെ 127.2 ലക്ഷം ചതുരശ്ര അടി ഐ.ടി മന്ദിരങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതിൽ 42.1 ലക്ഷം ചതുരശ്ര അടി 2016 കാലഘട്ടം മുതലാണ് പൂർത്തീകരിച്ചിരിക്കുന്നത്.<br><br>**ഇൻഫോപാർക്ക്, കൊച്ചി**<br><br>ഇൻഫോപാർക്കിന്റെ വിവിധ ക്യാമ്പസുകളിലായി (കൊച്ചി, കൊരട്ടി, ചേർത്തല) നിലവിൽ ആകെ **92.62 ലക്ഷം ചതുരശ്ര അടി** ഐ.ടി മന്ദിരങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |
| (ഇ) | കൊച്ചി ഇൻഫോപാർക്കിലും കോഴിക്കോട് സൈബർ പാർക്കിലും അടിസ്ഥാന വികസനത്തിന്റെ ഭാഗമായി എത്ര ചതുരശ്ര അടി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | (ഇ) | **കൊച്ചി ഇൻഫോപാർക്ക്**<br><br>**ഇൻഫോപാർക്ക് ഫേസ് 3:** ഏകദേശം 300 ഏക്കറിൽ 200 ലക്ഷം (20 മില്യൺ) ചതുരശ്ര അടി ഐ.ടി സ്പേസ് നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 25,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു.**ഫേസ് 4:** കൊച്ചിയിലെ ട്രാകോ (TRACO) ഭൂമിയിൽ 50 ലക്ഷം ചതുരശ്ര അടി അധിക ഐ.ടി സ്പേസ് കൂടി നിർമ്മിക്കാൻ പദ്ധതിയുണ്ട്.<br><br>**മെട്രോ സ്റ്റേഷൻ വർക്ക് സ്പേസ്:** എറണാകുളം സൗത്ത് മെട്രോ സ്റ്റേഷനിൽ 45,417 ചതുരശ്ര അടി വിസ്തൃതിയുള്ള ഫ്ലെക്സി വർക്ക് സ്പേസുകൾ നിർമ്മിക്കുന്നതിനായി കെ.എം.ആർ.എല്ലുമായി ധാരണാപത്രം ഒപ്പിട്ടു.<br><br>**സൈബർപാർക്ക്, കോഴിക്കോട്**<br><br>4 ലക്ഷം ചതുരശ്ര അടി സ്പേസിൽ രണ്ടാമത്തെ ഐ.ടി. കെട്ടിടം നിർമ്മിക്കാനാണ് സൈബർ പാർക്ക് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | അതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും എത്ര തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (എഫ്) | **ഇൻഫോപാർക്ക്, കൊച്ചി**<br><br>നിലവിൽ ഇൻഫോപാർക്കിൽ ഏകദേശം **73,500 പേർക്ക്** നേരിട്ട് തൊഴിൽ ലഭിക്കുന്നുണ്ട്. 2016-ന് ശേഷം മാത്രം 39,200 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഭാവിയിലെ ഫേസ് 3 പദ്ധതി പൂർത്തിയാകുന്നതോടെ **2 ലക്ഷം പേർക്ക് നേരിട്ടും, 4 ലക്ഷത്തിലധികം പേർക്ക് പരോക്ഷമായും** തൊഴിലവസരങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. യു.എസ്.ടി (UST) ക്യാമ്പസിന്റെ ഒന്നാം ഘട്ടം വഴി 3,000 തൊഴിലവസരങ്ങളും, വേൾഡ് ട്രേഡ് സെന്ററിന്റെ മൂന്നാം ടവർ വഴി 2,700 തൊഴിലവസരങ്ങളും പുതുതായി ഉണ്ടാകും.<br><br>**സൈബർപാർക്ക്, കോഴിക്കോട്**<br><br>നിലവിൽ സൈബർ പാർക്കിൽ ഏകദേശം 2300 പേർ തൊഴിൽ ചെയ്തു വരുന്നുണ്ട് . രണ്ടാമത്തെ ഐ.ടി കെട്ടിടം പൂർത്തിയാകുന്നതോടെ 4500 പേർക്ക് നേരിട്ടും, ഇതിന്റെ മൂന്ന് ഇരട്ടി പരോക്ഷമായും തൊഴിലവസരങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ